എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A newsletter from Energy Management Centre - Kerala

ലക്കം 11, 2021 ഏപ്രിൽ 05

# സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജകാര്യക്ഷമത

## പ്രവർത്തനങ്ങൾ തുടരുന്നു

സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിൽ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കുറഞ്ഞ ഊർജ്ജ ഉപയോഗത്തിൽ എറ്റവും കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തി ഊർജ്ജ ഉപയോഗവും ഊർജ്ജ നഷ്ടവും മനസ്സിലാക്കി അതു പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി, അത് നടപ്പിലാക്കുകയാണ് ചെയ്യുന്നത്.



### ഫയർ സ്റ്റേഷൻ

കേരളത്തിലെ തിരഞ്ഞെടുത്ത 98 ഫയർ സ്റ്റേഷൻ കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമതാ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഊർജ്ജ ഓഡിറ്റ് 70 ശതമാനം പൂർത്തിയായി. ബാക്കിയുള്ള കെട്ടിടങ്ങളിൽ ഊർജ്ജ ഓഡിറ്റ് പുരോഗമിക്കുന്നു. ഓഡിറ്റിനുശേഷം ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പ്രധാന നിർദേശങ്ങൾ നടപ്പിലാക്കും. ഇതിലൂടെ പ്രധാനമായും ലൈറ്റുകൾക്കും ഫാനുകൾക്കുമായി ഉപയോഗിക്കുന്ന ഊർജ്ജത്തിൽ ഏകദേശം 30 ശതമാനത്തോളം ലാഭം ഉണ്ടാക്കാൻ സാധിക്കും.



### പോലീസ് ക്യാമ്പ്

കേരളത്തിലെ പോലീസ് ക്യാമ്പുകളും ഓഫീസുകളും ഊർജ്ജ കാര്യക്ഷമമാക്കുന്ന പ്രവർത്തനങ്ങളിൽ ഇ എം സി പങ്കാളിയാകുന്നു. ഇതിന്റെ ആദ്യ ഘട്ടമായി അടൂർ, കുറ്റിക്കാനം എന്നിവിടങ്ങളിലെ പോലീസ് ക്യാമ്പിലും കോഴിക്കോട്, കൊല്ലം എന്നിവിടങ്ങളിലെ ക്രൈബ്രാഞ്ച് ഒഫീസുകളിലും ഊർജ്ജ ഓഡിറ്റ് നടത്തുകയും അവബോധ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തു. ചെറുകിട ജലവൈദ്യുത പദ്ധതി, സൗരോർജ്ജ പദ്ധതി എന്നിവയുടെ സാധ്യതാ പഠനവും നടക്കുന്നു.




### സർക്കാർ ആശുപത്രികൾ

ഇ.എം.സിയുടെ നേതൃത്തത്തിൽ ഊർജ്ജ സംരക്ഷണപ്രവർത്തനങ്ങൾ കേരളത്തിലെ സർക്കാർ ആശുപത്രി കെട്ടിടങ്ങളിൽ കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ്, തൃശ്ശൂർ മെഡിക്കൽ കോളേജ്, തൃശ്ശൂർ ചെസ്റ്റ് ഹോസ്പിറ്റൽ, പാല ജില്ലാ ആശുപത്രി, കളമശ്ശേരി മെഡിക്കൽ കോളേജ്, തൃശ്ശൂർ ജില്ലാആശുപത്രി എന്നിവിടങ്ങളിൽ ഇത് പൂർത്തിയായി. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രതിവർഷം 1.09 ദശലക്ഷം യൂണിറ്റ് വൈദ്യുത ലാഭം പ്രതീക്ഷിക്കുന്നു. തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയിൽ നിലവിൽ ഈ പ്രവൃത്തി പുരോഗമിക്കുന്നു.



### സ്കൂൾ കെട്ടിടങ്ങൾ

കേരളത്തിലെ തിരഞ്ഞെടുത്ത 20 സ്കൂൾ കെട്ടിടങ്ങൾ ഊർജ്ജ കാര്യക്ഷമമാക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു. കേരളത്തിലെ 14 ജില്ലകളിലേയും സ്കൂളുകളെ ഇതിലേക്കായി പരിഗണിച്ചിട്ടുണ്ട്. ആദ്യഘട്ടമായി ഊർജ്ജ ഓഡിറ്റാണ് നടക്കുക.



### സിവിൽ സ്റ്റേഷനുകൾ

പാലക്കാട് കണ്ണൂർ ജില്ലകളിലെ സിവിൽ സ്റ്റേഷനുകളിൽ ഊർജ്ജ കാര്യക്ഷമമാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇവിടത്തെ കാലപ്പഴക്കം ചെന്നതും ഊർജ്ജ കാര്യക്ഷമമല്ലാത്തതുമായ ട്യൂബ് ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജ കാര്യക്ഷമമായ എൽ.ഇ.ഡി ട്യൂബ് ലൈറ്റുകളും സ്റ്റാർ റേറ്റഡ് സീലിംഗ് ഫാനുകളും സ്ഥാപിക്കുന്ന പ്രവർത്തി ആരംഭിച്ചിട്ടുണ്ട്.

## ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി

# എനർജി മാനേജ്മെന്റ് സെന്ററും എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡും ധാരണാപത്രം ഒപ്പ് വച്ചു





ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ പരസ്പരം ചേർന്ന് പ്രവർത്തിക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്ററും, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡും (ഇ.ഇൽഎസ്.എൽ) ചേർന്ന് ധാരണ പത്രം ഒപ്പ് വച്ചു.

എനർജി മാനേജ്മെന്റ് സെന്ററിൽ വച്ച് 2021 മാർച്ച് 18 ന് നടന്ന ചടങ്ങിൽ ഇ എം സി ഡയറകടർ ഡോ ആർ ഹരികുമാർ, ഇ.ഇ.എസ്.എൽ ഡയറക്ടർ (പ്രോജക്ട്സ് & ബിഡി) ശ്രീ വെങ്കടേഷ് ദിവേഡി എന്നിവർ ധാരണാ പത്രത്തിൽ ഒപ്പ് വച്ചു.

ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ, പ്രോജക്ട്ടുകളുടെ നടത്തിപ്പ്. ഊർജ്ജ കാര്യക്ഷമ പ്രോജക്ട്ടുകൾക്കായി നവീന സാമ്പത്തിക സാധ്യതകൾ കണ്ടെത്തി അവ കാര്യക്ഷമമായി ഉപയോഗിച്ച് പ്രോജക്റ്റുകൾ നടപ്പിലാക്കൽ. ട്രയിനിംഗുകൾ ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മുന്നോട്ട് പോകുന്നതിനായാണ് ധാരണാപത്രം ഒപ്പുവച്ചത്.

എനർജി മാനേജ്മെന്റ് സെന്ററിലെ വി കെ ഡി കോൺഫറൻസ് ഹാളിൽ വച്ചു നടന്ന ചടങ്ങിൽ ഇ എം സി രജിട്രാർ ശ്രീ സുഭാഷ് ബാബു, ഇ ഇ എസ്സ് എൽ കേരള സ്റ്റേറ്റ് ഹെഡ് സുരജ് കാന്ത്, രണ്ടുസ്ഥാപനങ്ങളിലേയും മറ്റു ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## ഊർജ്ജ കാര്യക്ഷമമായ ഗാർഹിക ഉപകരണങ്ങൾ

# ഊർജ്ജമിത്ര കേന്ദ്രങ്ങൾ വഴി

## നേരിട്ട് വാങ്ങാൻ സൗകര്യം തയ്യാറായി

ഊർജ്ജ കാര്യക്ഷമമായ ഗാർഹിക ഉപകരണങ്ങൾ ഉപഭോക്താക്കൾക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് ഊർജ്ജ മിത്ര കേന്ദ്രങ്ങളിൽ അവസരം ഒരുങ്ങുന്നു. കേരളത്തിലെ 140 നിയോചക മണ്ഡലങ്ങളിലും സ്ഥിതി ചെയ്യുന്ന ഊർജ്ജ മിത്ര കേന്ദ്രങ്ങളിൽ നിന്നും ഈ സേവനം ലഭ്യമാകും.




ഏറ്റവും ഊർജ്ജ കാര്യക്ഷമമായ 4 സ്റ്റാർ 5 സ്റ്റാർ ഉപകരണങ്ങളാണ് ഊർജ്ജ മിത്ര കേന്ദ്രങ്ങളിൽ നിന്നും വാങ്ങാൻ സാധിക്കുക. ഉപകരണങ്ങൾ ലഭ്യമാകുന്നതിന് അതാദ് നിയോജകമണ്ഡലങ്ങളിലെ ഊർജ്ജമിത്ര കേന്ദ്രങ്ങളുമായി ബന്ധപ്പെടാവുന്നതാണ്.

# ചെറുകിട വ്യവസായ ശാലകളുടെ ആധുനീകരണ പ്രവർത്തനങ്ങളിൽ ഇ.എം.സി പങ്കാളിയാകുന്നു



കേരള ഡെവലപ്മെന്റ് ആന്റ് ഇനോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K–DISC) നടത്തുന്ന വൺ ഡിസ്ട്രിക്റ്റ് വൺ ഐഡിയ പരിപാടിയിൽ ഇ എം സി ഭാഗമാകുന്നു. ചെറുകിട വ്യവസായ ശാലകളിൽ നവീനവും ആധുനികവുനായ സാങ്കേതികവിദ്യകൾ എത്തിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടക്കുക.



അക്കാദമിക്ക് സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, ഓരോ മേഘലകളിലേയും വിദഗ്ധർ എന്നിവരെ ചെറുകിട വ്യവസായ ക്ലസ്റ്ററുകളുമായി ബന്ധിപ്പിച്ച് ആധുനീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഇതിന്റെ ഫലമായി ചെറുകിട വ്യവസായ ശാലകളിലെ ഉത്പാദന ചിലവ് കുറച്ച് ഉത്പാദനം മെച്ചപ്പെടുത്തുവാൻ സാധിക്കും.

ചെറുകിട വ്യവസായ ശാലകളിൽ ഊർജ്ജകാര്യക്ഷമത കൈവരിക്കുന്നതിനുവേണ്ട സാങ്കേതിക സഹായങ്ങളാണ് ഇ.എം.സി നൽകിവരുന്നത്.

# ENERGY METER CALIBRATION LABORATORY (EMCL)

*"Ensuring Accuracy"*



CC-3211

## Energy Meter Calibration Laboratory

Energy Management Centre – Kerala

*(NABL accredited laboratory for Electro Technical)*
*Department of Power, Govt. of Kerala*

Sreekrishna Nagar, Sreekaryam P O
Thiruvananthapuram - 17

### Calibration fee structure

| Type of Meter | Fee for calibration certificate as per NABL norms |
|---|---|
| **ENERGY METER** | |
| 1. Single phase energy meter (4 points) (Active energy % error) | Rs. 600 |
| 2. Poly phase (4 points) (Active energy % error) | Rs. 1200 |
| 3. Trivector meter(Active & reactive energy % error) | Rs. 2300 |
| **ENERGY METER DISPUTE** | |
| 1. Single phase energy meter (4 points) (Active energy % error) | Rs. 600 |
| 2. Poly phase (4 points) (Active energy % error) | Rs. 1200 |
| 3. Trivector meter(Active & reactive energy % error) | Rs. 2300 |
| **ENERGY METER CALIBRATOR** | |
| Active & reactive energy % error at different points. | Rs. 3000/ mode in each range minimum 12000/- (calibration Certificate as per NABL norms) |
| **IMPORT/ EXPORT METER OR NET METER** | |
| 1. Single Phase (Active energy at export and import mode % error) | Rs. 800 |
| 2. Three Phase Direct Meter(Active energy at export and import mode % error) | Rs. 1250 |
| 3. Three Phase (Active & reactive energy@ export and import mode, % error at different load points) | Rs. 2350 |

0471 – 2594922, 24, +91 9400068320
***emck@keralaenergy.gov.in***

URJAMITHRA

# ഊർജ്ജകാര്യക്ഷമമായ ഉപകരണങ്ങൾ മിതമായ നിരക്കിൽ

## ഊർജ്ജമിത്ര കേന്ദ്രങ്ങളിൽ നിന്ന് നേരിട്ട് വാങ്ങാം

## കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും



**ഫൈവ് സ്റ്റാർ റേറ്റഡ് ഇൻവർട്ടർ എസി**
31,027/- മുതൽ*



**ഫൈവ് സ്റ്റാർ റേറ്റഡ് വാട്ടർ ഹീറ്റർ 10 ലിറ്റർ മുതൽ**
5,728/- മുതൽ*

POWER SAVINGS GUIDE



**ഫൈവ് സ്റ്റാർ റേറ്റഡ് സീലിംഗ് ഫാൻ**
2,700/- മുതൽ*



**ഫോർ സ്റ്റാർ റേറ്റഡ് റഫ്രിഡ്ജ്റേറ്റർ**
13,598/- മുതൽ*

**ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ ഫോൺ നമ്പരുകൾ ഇ.എം.സി വെബ്സൈറ്റിൽ ലഭ്യമാണ്**

*https://www.keralaenergy.gov.in/index.php/urjamithra-schemes*
*https://qrgo.page.link/fZXcQ*

*T&C Apply

EMC YouTube page

EMC Facebook page

Design & Layout: Prajeesh A.

Oorja Pathrika, Issue-11, 5th April 2021

Published by **Dr. R. Harikumar,** Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Ijas M. A. (Member)
Er. Anoop Surendran (Member)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256